ഫാമിലി പെൻഷൻ ഉറപ്പാക്കാൻ നടപടി

48 (6195) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരല്ലാത്തതിനാൽ വിധവകളും അശരണരും ആയ പെൺമക്കൾക്ക് ഫാമിലി പെൻഷൻ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നിയമത്തിൽ ഭേദഗതി വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 12-11-2007-ലെ ജി.ഒ.(പി) നമ്പർ 541/07/ഫിൻ. ഉത്തരവ് പ്രകാരം വിധവകളും വികലാംഗരുമായ പെൺമക്കൾക്ക് ഫാമിലി പെൻഷൻ അനുവദിച്ച് കേരള സർവ്വീസ് റൂൾസ്, ഭാഗം III -ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ വികലാംഗരല്ലാത്ത വിധവകളായ പെൺമക്കൾക്ക് ഇതിന്റെ ആനുകൂല്യത്തിന് അർഹതയില്ല.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച നയം

49 (6196) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂർണ്ണമായും സുതാര്യമായ രീതിയിൽ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നടപ്പാക്കാനുള്ള നയത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നയരൂപീകരണത്തിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ വ്യവസ്ഥകൾ സുതാര്യവും കുറ്റമറ്റതും കാര്യക്ഷമവും ആയിരിക്കണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. മാർഗ്ഗനിർദ്ദേശത്തിന്മേൽ അന്തിമ തീരുമാനമെടുക്കുന്നതിനുമുമ്പായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly